# കേരള സർവകലാശാല

നം. പി.ആർ.072/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## പരീക്ഷ മാറ്റി

ഏപ്രിൽ മൂന്നിന് ആരംഭിക്കാനിരുന്ന രണ്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ എൽ.എൽ.ബി/ ബി.കോം എൽ.എൽ.ബി/ ബി.ബി.എ എൽ.എൽ.ബി പരീക്ഷ ഏപ്രിൽ 11 ലേക്ക് പുനക്രമീകരിച്ചു. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ക്ലാസ്സുകൾ ഇല്ല

തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന എല്ലാ കോഴ്സുകൾക്കും മാർച്ച് 29 മുതൽ ഏപ്രിൽ രണ്ട് വരെ ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതല്ല എന്ന് ഡയറക്ടർ അറിയിച്ചു.

## ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ എൽ.എൽ.ബി/ ബി.കോം എൽ.എൽ.ബി/ ബി.ബി.എ എൽ.എൽ.ബി പരീക്ഷ

മേയ് ഒൻപതിന് ആരംഭിക്കുന്ന ഏഴാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ എൽ.എൽ.ബി/ ബി.കോം എൽ.എൽ.ബി/ ബി.ബി.എ എൽ.എൽ.ബി പരീക്ഷകൾക്ക് പിഴകൂടാതെ ഏപ്രിൽ 16, 50 രൂപ പിഴയോടെ ഏപ്രിൽ 18, 125 രൂപ പിഴയോടെ ഏപ്രിൽ 20 വരെയും ഫീസടച്ച് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ബി.എ പരീക്ഷ

മേയ് 17-ന് ആരംഭിക്കുന്ന അഞ്ചും ആറും സെമസ്റ്റർ ബി.ബി.എ (2013 & 2014 അഡ്മിഷൻ - വിദൂരവിദ്യാഭ്യാസം) സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴകൂടാതെ ഏപ്രിൽ ഒൻപത്, 50 രൂപ പിഴയോടെ ഏപ്രിൽ 11, 125 രൂപ പിഴയോടെ ഏപ്രിൽ 13 വരെയും ഫീസടച്ച് അപേക്ഷിക്കാം. പരീക്ഷാഫീസിനോടൊപ്പം 200/- രൂപ മൂല്യനിർണ്ണയ ക്യാമ്പ് ഫീസായും അടക്കണം. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ ഓരോ പരീക്ഷാകേന്ദ്രം മാത്രമേ ഉണ്ടാവുകയുള്ളൂ.

## എം.എസ്സി ഫലം

2017 ഫെബ്രുവരിയിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്സി മാത്തമാറ്റിക്സ് ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ത്രിദിന ശില്പശാല

കേരള സർവകലാശാല അറബി വിഭാഗം പരിശീലനരംഗത്തെ ആദ്യത്തെ നൂതന പരിശീലന കേന്ദ്രമായ യൂഫോറിയയുമായി സഹകരിച്ച് ന്യൂറോ ലിങ്ക്വിസ്റ്റിക് പ്രോഗ്രാമിംഗ് (എൻ.എൽ.പി) യിൽ ത്രിദിന ശില്പശാല സംഘടിപ്പിക്കും. മേയ് ഏഴ്, എട്ട്, ഒൻപത് തീയതികളിൽ കാര്യവട്ടം അറബി വകുപ്പിൽ സംഘടിപ്പിക്കുന്ന പരിശീലനത്തിൽ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, രക്ഷിതാക്കൾ, വിദ്യാഭ്യാസ പ്രവർത്തകർ, സംരംഭകർ തുടങ്ങിയവർക്ക് പങ്കെടുക്കാം. 2000 രൂപ ഫീസടച്ച് നേരത്തെ രജിസ്റ്റർ ചെയ്യുന്ന 15 പേർക്കാണ് പ്രവേശനം.

കഴിഞ്ഞ പതിനഞ്ച് വർഷമായി പരിശീലന രംഗത്തെ നിറസാന്നിധ്യമായ വി.സി മുഹമ്മദ് ജമീലാണ് പരിശീലനത്തിന് നേതൃത്വം നൽകുന്നത്. വിശദവിവരങ്ങൾക്ക് ഫോൺ: 9747318105

## എം.എ, എം.എസ്‌സി ഫലം

2017 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ ഹിന്ദി ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ, എം.എസ്.സി ജ്യോഗ്രഫി പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എസ്‌സി, എം.പി.എ, എം.എം.സി.ജെ ഫലം

2017 ജൂലൈയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്‌സി കമ്പ്യൂട്ടർ സയൻസ്, എം.പി.എ, എം.എം.സി.ജെ പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## രണ്ടാം സെമസ്റ്റർ ട്യൂഷൻഫീസ് അടക്കണം

വിദൂരവിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന ബിരുദ/ബിരുദാനന്തര കോഴ്സുകളിലേയ്ക്ക് 2017–18 അദ്ധ്യയന വർഷത്തിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് രണ്ടാം സെമസ്റ്റർ ട്യൂഷൻഫീസ് പിഴകൂടാതെ ഏപ്രിൽ അഞ്ച്, 50 രൂപ പിഴയോടെ ഏപ്രിൽ 16 വരെയും ഫീസടയ്ക്കാം. കൂടുതൽ വിവരങ്ങൾക്കായി എസ്.ഡി.ഇ യുടെ വെബ്സൈറ്റ് സന്ദർശിക്കുക.

## അപേക്ഷ ക്ഷണിക്കുന്നു

കേരള സർവകലാശാലയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഫിനാൻസ് ഓഫീസറെ നിയമിക്കുന്നു. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ ഏപ്രിൽ 24 വൈകിട്ട് 5.15 ന് മുൻപായി അപേക്ഷിക്കണം. വിശദവിവരവും വിജ്ഞാപനവും വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എൽ.എൽ.എം വാചാപരീക്ഷ

2017 ഒക്ടോബറിൽ നടത്തിയ നാലാം സെമസ്റ്റർ എൽ.എൽ.എം പരീക്ഷകളുടെ വാചാപരീക്ഷ ഏപ്രിൽ 23 മുതൽ 25 വരെ സർവകലാശാലയുടെ സെനറ്റ് ഹൗസ് ക്യാമ്പസിൽ വച്ച് നടത്തും. സമയവിവരപ്പട്ടിക വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.



തിരുവനന്തപുരം.
28.03.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,



സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098